# ചെറുധാന്യങ്ങളിലെ മൂല്യവർധിത ഉത്പന്നങ്ങളുമായി വനിതാസംരംഭകർ



ചെറുധാന്യങ്ങളുപയോഗിച്ചുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനം സി.പി.സി.ആർ.ഐ. ഡയറക്ടർ ഡോ. കെ.ബാലചന്ദ്ര ഹെബ്ബാർ നിർവഹിക്കുന്നു

Mathrubhumi, 16.03.2023

**കാസർകോട്**▸ റാഗി മാംഗ്ട്ട്, സമ്പുഷ്ടമായ റാഗി മിക്സ്, മാംട്ടി ഗ്രെയിൻ പോഷകപ്പൊടി, മുളപ്പിച്ച റാഗി മുറുക്ക്, ഫോക്സ്ടെയിൽ മുറുക്ക്, വെളിച്ചെണ്ണ അടിസ്ഥാനമാക്കിയുള്ള ഔഷധ എണ്ണ. ചെറുധാന്യങ്ങൾ മാത്രമുപയോഗിച്ചുള്ള മൂല്യവർധിത ഉത്പന്നങ്ങൾ ജനങ്ങളിലേക്കെത്തുകയാണ്.

കാസർകോട് കൃഷി വിജ്ഞാനകേന്ദ്രത്തിൽനിന്ന് പരിശീലനം നേടിയ വനിതാസംരംഭകരാണ് സ്വന്തമായി ബ്രാൻഡിൽ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നത്.

ബേക്കലിലെ രതി മോഹൻ, പെരിയയിലെ ഉഷാ നായർ, ഉദുമയിലെ സുഹ്റാബി ഫയാസ്, മായിപ്പാടിയിലെ കെ.വി.രമ്യ എന്നിവരാണ് ചെറുധാന്യ ഉത്പന്നങ്ങൾ തയ്യാറാക്കുന്നത്. സി.പി.സി.ആർ.ഐ.യിൽ നടന്ന ചടങ്ങിൽ ഡയറക്ടർ ഡോ. കെ.ബാലചന്ദ്ര ഹെബ്ബാർ ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനം നിർവഹിച്ചു.